# ജി.ഐ.ഒ നിർദേശങ്ങൾ സമർപ്പിച്ചു

**കോഴിക്കോട്:** ഹയർ എജുക്കേഷൻ തലത്തിലെ പെൺകുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച പ്രഫ. മീനാക്ഷി ഗോപിനാഥൻ കമ്മീഷനു മുമ്പാകെ ജി.ഐ.ഒ കേരള സംസ്ഥാന സമിതി നിർദേശങ്ങൾ സമർപ്പിച്ചു. സ്ത്രീപീഡനങ്ങൾക്കെതിരായ നിയമങ്ങൾ കാര്യക്ഷമമാക്കുക, ഇരകൾക്ക് പൂർണമായ നിയമപരിരക്ഷ ഉറപ്പുവരുത്തുക, സ്വയം പ്രതിരോധിക്കാനുതകുന്ന വിധത്തിൽ മാനസികമായ കരുത്തും ആയോധന മുറകളും വിദ്യാഭ്യാസത്തിലൂടെ പരിശീലിപ്പിക്കുക, സ്ത്രീത്വത്തെ ആദരിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുക, വിദ്യാഭ്യാസത്തിൽ ധാർമിക ശിക്ഷണം നിർബന്ധമാക്കുക, ലൈംഗിക ഉത്തേജക മരുന്നുകൾ, മദ്യം തുടങ്ങിയവ നിർമാർജനം ചെയ്യുക തുടങ്ങിയവയാണ് നിർദേശങ്ങൾ. ഗർഭിണികളായ വിദ്യാർഥിനികൾക്ക് ലാബുകളിലും പരീക്ഷാഹാളിലും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക, വിവാഹം കഴിഞ്ഞ വിദ്യാർഥിനികൾക്ക് മെറ്റേണിറ്റി ലീവ് അനുവദിക്കുക എന്നീ ആവശ്യങ്ങളും ഉന്നയിച്ചു. ജി.ഐ.ഒ ജനറൽ സെക്രട്ടറി ലബീബ ഇബ്റാഹീം, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് അമീന, ജില്ലാസമിതി അംഗങ്ങൾ മുഫീദ ഫർസാന, ഹുസ്ന റൈഹാൻ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.



*പ്രഫ. മീനാക്ഷി ഗോപിനാഥൻ കമ്മീഷന് ലബീബാ ഇബ്റാഹീം നിർദേശങ്ങൾ സമർപ്പിക്കുന്നു*

# സെമിനാർ സംഘടിപ്പിച്ചു

**കോതമംഗലം:** ഇന്ത്യൻ മതേതരത്വം രാജ്യത്തിന്റെ ബഹുസ്വര ഘടനക്കും മതസൗഹാർദത്തിനും ഉചിതമാംവിധമാണ് ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നതെന്നും, ഈ ഘടനയെ അട്ടിമറിക്കാൻ ശ്രമിക്കുന്ന ഫാഷിസ്റ്റുകൾ കപട മതേതരവാദികളാണെന്നും മുൻ സുപ്രീംകോടതി ജഡ്ജ് സിറിയക് ജോസഫ് പ്രസ്താവിച്ചു. ഇന്റർനാഷ്നൽ ഇന്റർഫെയ്ത് ഡയലോഗ് ഇന്ത്യയും (ഐ.ഐ.ഡി.ഐ) ഒരുമ (കോതമംഗലം പ്രഫഷണൽ കോളേജ് വിദ്യാർഥികളുടെ കൂട്ടായ്മ)യും സംഘടിപ്പിച്ച 'മതവും മനുഷ്യാവകാശങ്ങളും' എന്ന വിഷയത്തിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജസ്റ്റിസ് പി.കെ ഷംസുദ്ദീൻ അധ്യക്ഷത വഹിച്ചു. സ്വാമി വിശ്വഭദ്രാനന്ദ ശക്തിബോധിയും പാളയം ഇമാം മൗലവി ജമാലുദ്ദീൻ മങ്കടയും വിഷയങ്ങളവതരിപ്പിച്ചു. റവ. ഡോ. ആൽബർട്ട് നമ്പ്യാപറമ്പിൽ, റവ. ഡോ. സകറിയ പറനിലം, നസ്റുദ്ദീൻ ആലുങ്കൽ, പ്രഫ. ബേബി എം. വർഗീസ് സംസാരിച്ചു. അംജദ് സ്വാഗതവും മഖ്ബൂൽ നന്ദിയും പറഞ്ഞു.




*ഇന്റർനാഷണൽ ഇന്റർഫെയ്ത് ഡയലോഗ് സംഘടിപ്പിച്ച സെമിനാർ ജസ്റ്റിസ് സിറിയക് ജോസഫ് ഉദ്ഘാടനം ചെയ്യുന്നു*

## വാർത്തകൾ

### വിദ്യാർഥിനി കൂട്ടായ്മ സംഘടിപ്പിച്ചു

**കാസർകോട്:** ജി.ഐ.ഒ തൃക്കരിപ്പൂർ ഏരിയയുടെ ആഭിമുഖ്യത്തിൽ 'സുരക്ഷിത സമൂഹത്തിന് വിദ്യാർഥിനികളുടെ പങ്ക്' എന്ന തലക്കെട്ടിൽ വിദ്യാർഥിനി കൂട്ടായ്മ സംഘടിപ്പിച്ചു. ജി.ഐ.ഒ സംസ്ഥാന പ്രസിഡന്റ് പി. റുക്സാന ഉദ്ഘാടനം ചെയ്തു. 'സ്ത്രീ സുരക്ഷ ഇന്നലെ, ഇന്ന്, നാളെ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിൽ വിജയിച്ചവർക്ക് ട്രോഫിയും കാശ് അവാർഡും നൽകി. ജസീറ ബഷീർ, പ്രവിത, ടി.കെ നാസിമ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കെ.പി റഷീദ അധ്യക്ഷത വഹിച്ചു. ഏരിയാ പ്രസിഡന്റ് സബീറ അഫ്സൽ സ്വാഗതവും റംസീന സാദിഖ് നന്ദിയും പറഞ്ഞു.

### ലൂമിനൻസ്'13 സമ്മർ ക്യാമ്പ് സമാപിച്ചു

**പെരുമ്പിലാവ്:** ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ തൃശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പെരുമ്പിലാവ് അൻസാർ കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ലൂമിനൻസ്'13 സമ്മർ ക്യാമ്പ് സമാപിച്ചു. ജമാഅത്തെ ഇസ്‌ലാമി മുൻ സംസ്ഥാന വനിതാ വിഭാഗം പ്രസിഡന്റ് ഫാത്വിമാ മൂസ ഉദ്ഘാടനം നിർവഹിച്ചു. ജി.ഐ.ഒ ജില്ലാ പ്രസിഡന്റ് സ്വാബിഹ കുഞ്ഞിബാപ്പു അധ്യക്ഷത വഹിച്ചു. ഡോ. അബ്ദുല്ലത്വീഫ്, ആദം മൗലവി, കൗൺസിലർ സുലേഖ അബ്ദുൽ അസീസ്, കെ.വി മുഹമ്മദ്, ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് ഇ.എം അമീൻ, ശിഹാബ് പൂക്കോട്ടൂർ, ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം ജില്ലാ പ്രസിഡന്റ് ഖദീജാ റഹ്മാൻ, ജമാഅത്തെ ഇസ്‌ലാമി ജില്ലാ സമിതി അംഗം നസീമ വാളൂർ ക്ലാസ്സെടുത്തു.

### ലോഗോ ക്ഷണിച്ചു

**കോഴിക്കോട്:** 2013 ഒക്ടോബർ 26, 27 തീയതികളിൽ എസ്.ഐ.ഒ സംസ്ഥാന കമ്മിറ്റി തിരുവനന്തപുരത്തുവെച്ച് നടത്തുന്ന എജുക്കേഷൻ കോൺഗ്രസിനു ലോഗോ ക്ഷണിച്ചു. തെരഞ്ഞെടുക്കപ്പെടുന്ന ലോഗോക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്. അയക്കേണ്ട വിലാസം: kedncongress@gmail.com



*കാമ്പയിൻ ഉദ്ഘാടനം സംസ്ഥാന സാമൂഹിക ക്ഷേമ ബോർഡ് ചെയർപേഴ്സൺ ഖമറുന്നിസ അൻവർ നിർവഹിക്കുന്നു*

### *ആരാമം* മാസിക പ്രചാരണ കാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം

**കോഴിക്കോട്:** *ആരാമം* മാസികയുടെ പ്രചാരണ കാമ്പയിൻ ഉദ്ഘാടനം ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം പ്രസിഡന്റ് സഫിയ അലിയിൽ നിന്ന് കോപ്പി സ്വീകരിച്ച് സംസ്ഥാന സാമൂഹിക ക്ഷേമ ബോർഡ് ചെയർപേഴ്സൺ ഖമറുന്നിസ അൻവർ നിർവഹിച്ചു. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി ഫാത്വിമ സുഹ്റ, ജി.ഐ.ഒ സംസ്ഥാന പ്രസിഡന്റ് പി. റുക്സാന, ജമാഅത്തെ ഇസ്‌ലാമി വനിതാവിഭാഗം സംസ്ഥാന സെക്രട്ടറി പി. സുബൈദ, വൈസ് പ്രസിഡന്റ് കെ.എൻ സുലൈഖ, അമേരിക്കൻ റിസർച്ച് സ്കോളർ കെയ്‌ലി ലഡുക്ക്, *ആരാമം* മാനേജർ കെ. ഹുസൈൻ എന്നിവർ സംബന്ധിച്ചു.



## കരിയർ

സുലൈമാൻ ഊരകം
kpsulaimanurakam@gmail.com

**UPSC എഞ്ചിനീയറിംഗ് സർവീസ്**

യൂനിയൻ പബ്ലിക് സർവീസ് കമ്മീഷൻ ദേശീയ തലത്തിൽ നടത്തുന്ന എഞ്ചിനീയറിംഗ് സർവീസ് പരീക്ഷക്ക് അപേക്ഷ ക്ഷണിച്ചു. കേന്ദ്ര സിവിൽ സർവീസിന്റെ തുല്യ തസ്തികയിലുള്ള പോസ്റ്റാണിത്. വിവിധ കേന്ദ്ര സർക്കാർ വകുപ്പിലെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, സിവിൽ, ഇ.സി വിഭാഗങ്ങളിലായി 763 ഒഴിവുകളാണ് നിലവിലുള്ളത്. അവസാന തീയതി: മെയ് 5.
www.upsconline.nic.in

**ഭാഷാപഠനത്തിന് ഇഫ്‌ലു**

ഭാഷാപഠനത്തിന് രാജ്യത്തെ ഏറ്റവും മികച്ച സ്ഥാപനമായ ഹൈദരാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗേജ് യൂനിവേഴ്സിറ്റി (ഇഫ്‌ലു). ബിരുദ, ബിരുദാനന്തര ഗവേഷണ പ്രോഗ്രാമുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഇംഗ്ലീഷ്, അറബിക്, ഫ്രഞ്ച്, ജപ്പാനീസ്, റഷ്യൻ, സ്പാനിഷ് എന്നിവയിൽ ഡിഗ്രി പ്രോഗ്രാമുകളും English, Linguistics (ഭാഷാപഠനം), Literature, Literary and Cultural Studies, Media Communication, Teaching English, Mass Communication, Hindi, Arabic, French, Japanese, Russian, Spanish എന്നീ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുമാണുള്ളത്. B.Ed, M.Ed, M.phil/PhD എന്നിവയും ഉണ്ട്. കൂടാതെ മലപ്പുറം സെന്ററിലെ ആദ്യ ബാച്ചിലേക്കും അപേക്ഷ ക്ഷണിച്ചു. Post Graduate Diploma in the Teaching of English (PGDTE) കോഴ്സാണ് ആദ്യമാരംഭിക്കുന്നത്. ഒരു വർഷം ദൈർഘ്യമുള്ള ഈ കോഴ്സിന് ചേരാനുള്ള യോഗ്യത MA English ആണ്. www.efluniversity.ca.in. SIO Hepline (BA) 08008294323, (MA) 09177095524, (PhD) 08179951905

**ബി.ടെക് NRI കോട്ട**

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജുക്കേഷൻ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന മൂന്നാർ എഞ്ചിനീയറിംഗ് കോളേജിൽ EC, CS, EE, Mech എന്നീ കോഴ്സുകളിലേക്കുള്ള ഒന്നാം വർഷ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി: മെയ് 20.
www.cemunnar.ac.in 04865 232989

**കേന്ദ്ര സർവീസിൽ അവസരം**

കേന്ദ്ര സർക്കാറിന് കീഴിലുള്ള വിവിധ വകുപ്പുകളിലായി 19 ഒഴിവിലേക്ക് UPSC അപേക്ഷ ക്ഷണിച്ചു. അസിസ്റ്റന്റ് ഡയറക്ടർ (ധനകാര്യം, സെൻട്രൽ ഫോറൻസിക് ലബോറട്ടറി) ജൂനിയർ സ്റ്റാഫ് ഓഫീസർ (ക്രൈം റെക്കോർഡ്സ് ബ്യൂറോ), മൈനിംഗ് ജിയോളജിസ്റ്റ്, അസോസിയേറ്റ് ടൗൺ ആന്റ് കൺട്രി പ്ലാനർ എന്നീ തസ്തികകളിലാണ് ഒഴിവുകളുള്ളത്.
അവസാന തീയതി: മെയ് 2. www.upsconline.nic.in

**നിയമ പഠനം**

**കേരളാ ലോ അക്കാദമി**

തിരുവനന്തപുരത്തുള്ള കേരളാ ലോ അക്കാദമി പഞ്ചവത്സര എൽ.എൽ.ബി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടുവോ തത്തുല്യമോ ആണ് പ്രവേശന യോഗ്യത. അവസാന തീയതി: മെയ് 10.
www.keralalawacademy.in 0471 2433166, 2330478

**LLB**

ഹൈദരാബാദിലെ ഗീതം യൂനിവേഴ്സിറ്റിയിലും പഞ്ചാബ് യൂനിവേഴ്സിറ്റിയിലും BA-LLB, BBA- LLB പഠനത്തിനുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങി. അവസാന തീയതി: മെയ് 4. www.gitam.edu, www.results.puchd.ac.in

**ജാമിഅഃ**

ജാമിഅഃ മില്ലിയ്യ ഇസ്‌ലാമിയ്യ യൂനിവേഴ്സിറ്റി BA LLB/LLM കോഴ്സുകളിലേക്ക് അപേക്ഷ ആരംഭിച്ചു. BA LLB യിൽ ഓണേഴ്സ് ഡിഗ്രിയാണ് ഇവിടെ നൽകുന്നത്. അവസാന തീയതി: മെയ് 16.
www.jmi.ac.in/admission 2013

# പശ്ചാത്തല വികസനം ചർച്ച ചെയ്യപ്പെട്ട ഇൻഫ്രാ വിഷൻ കേരള

**തിരുവനന്തപുരം:** കേരളത്തിന്റെ പശ്ചാത്തല വികസനത്തിന് പുതിയ മാതൃകകൾ സമർപ്പിക്കുന്ന ഇൻഫ്രാ വിഷൻ കേരളക്ക് തലസ്ഥാന നഗരിയിൽ തുടക്കം കുറിച്ചു. തിരുവനന്തപുരം മുസ്‌ലിം അസോസിയേഷൻ ഹാളിലും സി.എച്ച് സെന്റർ ഹാളിലുമായി നടന്ന പരിപാടികളുടെ ഉദ്ഘാടനം പത്മശ്രീ ജി. ശങ്കർ നിർവഹിച്ചു. വികസനത്തെകുറിച്ചുള്ള നിർവചനങ്ങളിൽ പൊളിച്ചെഴുത്ത് അനിവാര്യമാണ്. ചേരികൾ ദാരിദ്ര്യത്തിന്റെ പോസിറ്റീവ് ആയ നിർവചനങ്ങളാണ്. ചേരികളിലെ ജനങ്ങൾ ഈ സമൂഹത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. അതിനാൽ ചേരികളുടെ വികസനത്തിന് കൈകൊള്ളുന്ന സമീപനം സമൂഹത്തിന്റെ മൊത്തം വികസനത്തിന്റെ മാനദണ്ഡമായി വിലയിരുത്തണം. ഇത്തരത്തിലൊരു വികസനത്തിന് സമ്പന്നത വിഘാതമായി മാറുന്നു എന്നതാണ് യാഥാർഥ്യം. കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് ചില പഠനങ്ങളും പ്രായോഗിക മാതൃകകളും സമർപ്പിക്കാൻ സോളിഡാരിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ തുടർച്ചയാണ് ഇൻഫ്രാ വിഷൻ കേരള എന്നും പത്മശ്രീ ജി.ശങ്കർ പറഞ്ഞു. സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി.ഐ നൗഷാദ് അധ്യക്ഷത വഹിച്ചു. പ്രമുഖ ശാസ്ത്രജ്ഞനും ആസൂത്രണ വിദഗ്ധനുമായ ശ്രീകുമാർ ചടോപാധ്യായ, ഡോ. ശാറങ്ധരൻ, എസ്. ഇർഷാദ്, ഹമീദ് വാണിയമ്പലം, കെ.എം മഖ്ബൂൽ, ടി. മുഹമ്മദ് വേളം സംസാരിച്ചു. കെ. സജീദ് നന്ദി പറഞ്ഞു. 'ഗതാഗത സാമ്പത്തികം; നയം സമീപനം' എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ ഡോ. രാജേഷ് കൃഷ്ണൻ, എം.എം മുഹമ്മദ് ഉമ്മർ, തൻവീർ മുഹ്‌യിദ്ദീൻ,




*സോളിഡാരിറ്റി സംഘടിപ്പിച്ച ഇൻഫ്രാ വിഷൻ കേരളയുടെ ഉദ്ഘാടനം പത്മശ്രീ ജി.ശങ്കർ നിർവ്വഹിക്കുന്നു.*

എം.എ യാസിർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഐ.ടി.പാർക്ക്, എനർജി, ഹാർബർ വിഷയത്തിൽ നടന്ന ചർച്ചയിൽ ജോസഫ് സി മാത്യു, ബി. പ്രദീപ്, എസ്.പി രവി, ഡോ. എസ്.പി ഉദയകുമാർ, കെ.സി ശ്രീകുമാർ, അരുൺ ജോർജ് എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു. എം.എ യാസിർ, കെ.എം മഖ്ബൂൽ, എൻ.കെഅബ്ദുസ്സലാം എന്നിവർ വിവിധ സെഷനുകൾ നിയന്ത്രിച്ചു. കേരളത്തിന്റെ അടിസ്ഥാന വികസനം എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സി.പി ജോൺ, പി.കെ വേണുഗോപാൽ, ജിയോ ജോസ്, ജോസ് സെബാസ്റ്റ്യൻ, എം.എ യാസിർ, കെ.എ ഷെഫീഖ്, പി.ഐ നൗഷാദ് എന്നിവർ പങ്കെടുത്തു.

പാരമ്പര്യേതര ഊർജോൽപാദന രംഗം അവഗണന നേരിടുകയാണെന്ന് ഇൻഫ്രാ വിഷൻ കേരളയിലെ ബദൽ ഊർജോത്പാദനം എന്ന തലക്കെട്ടിൽ നടന്ന ചർച്ച ഉദ്ഘാടനം ചെയത് സംസാരിച്ച അനർട്ട് ഗവേണിംഗ് ബോഡി അംഗം ഡോ. മുരുകേഷൻ ആചാരി പറഞ്ഞു. എം. സുബ്രഹ്മണ്യൻ, വി.എം നിഷാദ്, എൻ. മുസ്ത്വഫ, ഷമീർ ഇബ്റാഹീം എന്നിവരും പ്രബന്ധങ്ങളവതരിപ്പിച്ചു. ഗതാഗത സംസ്കാരം, ഭൂമി ഏറ്റെടുക്കൽ നയം എന്ന വിഷയത്തിൽ നടന്ന ചർച്ച ഡോ.രാജേഷ് കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. എം.എ യാസിർ, ഷക്കീൽ അഹ്മദ്, അഡ്വ. ഹരീഷ് വാസുദേവ്, ഷഹീൻ കെ. മൊയ്തുണ്ണി എന്നിവർ വിവിധ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. നഗരാസൂത്രണവും വാസ്തുശിൽപ സംസ്കാരവും എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ പത്മശ്രീ ജി. ശങ്കർ, മധു, വിനു ഡാനിയൽ, ഷിയാദ് മജീദ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം
## കെ. സഫിയ അലി പ്രസിഡന്റ്, പി. സുബൈദ ജനറൽ സെക്രട്ടറി

**കോഴിക്കോട്:** 2013- 2015 കാലത്തെ ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം സംസ്ഥാന പ്രസിഡന്റായി കെ. സഫിയ



*കെ. സഫിയ അലി*



*പി. സുബൈദ*

അലിയെയും ജനറൽ സെക്രട്ടറിയായി പി. സുബൈദയെയും തെരഞ്ഞെടുത്തു. കെ.എൻ സുലൈഖ, സീനത്ത് ബാനു എന്നിവരെ വൈസ് പ്രസിഡന്റുമാരായും ആർ.സി സാബിറയെ അസി: സെക്രട്ടറിയായും തെരഞ്ഞെടുത്തു. ഫാത്വിമ മൂസ, സഫിയ ശറഫിയ്യ (പാലക്കാട്), ഇ.സി ആയിശ, ലൈല പി, ശിഫ ഖാജ, വഹീദ ജാസ്മിൻ (മലപ്പുറം), പി.വി റഹ്മാബി, കെ.ടി നസീമ, റഹ്മത്തുന്നിസ (കോഴിക്കോട്), വി.എ നസീമ, സി.എം നസീമ (തിരുവനന്തപുരം), എച്ച്. യാസ്മിൻ (ആലപ്പുഴ), ഒ.എ സുലൈഖ, കെ.കെ ആരിഫ ടീച്ചർ (എറണാകുളം), അസൂറ അലി (തൃശൂർ), എ.ടി സമീറ (കണ്ണൂർ) എന്നിവരാണ് മറ്റു സംസ്ഥാന സമിതിയംഗങ്ങൾ. അമീർ ടി ആരിഫലി, അസി: അമീർ എം.കെ മുഹമ്മദലി, സെക്രട്ടറി കെ.കെ ഫാത്വിമ സുഹ്റ, പി.പി അബ്ദുറഹിമാൻ എന്നിവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.